# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4832 — 24.07.2015 -ൽ മറുപടിക്ക്

## സാന്ത്വന ചികിത്സ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ :<br>,, എ. പി. അബ്ദുള്ളക്കുട്ടി :<br>,, ബെന്നി ബെഹനാൻ :<br>,, ജോസഫ് വാഴയ്ക്കൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സാന്ത്വന ചികിത്സാ രംഗത്ത് എന്തെല്ലാം നവീന പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നു വ്യക്തമാക്കാമോ ; | (എ) സാന്ത്വന ചികിത്സാ രംഗത്ത് രണ്ട് തരം സേവനങ്ങളാണ് ആരോഗ്യ വകുപ്പിലൂടെ നൽകി വരുന്നത്. ഭവന സന്ദർശനം നടത്തി ശയ്യാവലംബരായ രോഗികൾക്ക് നൽകുന്ന പ്രാഥമിക ചികിത്സ, ആശുപത്രികളിൽ വെച്ച് നൽകുന്ന വിദഗ്ദ്ധ ചികിത്സ എന്നീ രണ്ടു തരം സേവനങ്ങൾ സംസ്ഥാനത്ത് കാര്യക്ഷമമായി നടന്നു വരുന്നു. ചികിത്സാ രംഗത്ത് വരുന്ന കാലാനുസൃതമായ നവീകരണങ്ങളും വികസനവും സാന്ത്വന ചികിത്സാ രീതിയിലും പ്രതിഫലിക്കുന്നുണ്ട്. |
| (ബി) സാന്ത്വന ചികിത്സയ്ക്ക് ആയുർവേദ /ഹോമിയോ മരുന്നുകൾ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ; | (ബി) സാന്ത്വന ചികിത്സയ്ക്ക് ആയുർവേദ മരുന്നുകൾ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സ്ഥായിയായ രോഗങ്ങളാൽ കിടപ്പിലായ രോഗികൾക്ക് ഉണ്ടാകുന്ന ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകൾക്ക് ശമനം ഉണ്ടാക്കുവാൻ കഴിയുന്നു. ഇത്തരക്കാരിലുണ്ടാകുന്ന പലവിധ രോഗങ്ങൾക്കും ആയുർവേദ ഔഷധങ്ങൾ അങ്ങേയറ്റം തൃപ്തികരമാണെന്ന് രോഗികൾ തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്.<br>സാന്ത്വന ചികിത്സയ്ക്ക് ഹോമിയോ മരുന്നുകൾ വളരെ ഫലപ്രദമാണെന്ന് അനുഭവങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്. മലപ്പുറം ജില്ലയിലെ കൂരാട് സർക്കാർ ഹോമിയോ |

(......2)

| | | | |
|---|---|---|---|
| | | | ഡിസ്പെൻസറിയിൽ ആഴ്ചയിൽ ഒരു ദിവസം കാൻസർ ചികിത്സയ്ക്കും പാലിയേറ്റീവ് കെയറിനും വേണ്ടി മാത്രം ആരംഭിച്ച സ്പെഷ്യൽ ക്ലിനിക്കിൽ ഒട്ടനവധി രോഗികൾ ചികിത്സ തേടി എത്തുകയും അവർക്ക് രോഗ ശാന്തി ലഭിക്കുകയും ചെയ്തിട്ടുണ്ട്. കുരാട് സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ ആരംഭിച്ച കാൻസർ പാലിയേറ്റീവ് സ്പെഷ്യൽ ക്ലിനിക്കിൽ ചികിത്സ തേടി എത്തിയ രോഗികളുടെ അഭൂത പൂർവ്വമായ വർദ്ധനവാണ് പിന്നീട് വണ്ടൂരിൽ 10 കിടക്കകളുള്ള പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്റർ തുടങ്ങുന്നതിന് കാരണമായത്. |
| (സി) | ഹോമിയോ/ ആയുർവേദ ചികിത്സാ രീതികൾ സാന്ത്വന ചികിത്സയ്ക്ക് ഫലപ്രദമായി ഉപയോഗിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ? | (സി) | നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ